

ഫോട്ടോ: മധുരാജ്

# ഞാൻ വിത്തിട്ട് പോകാനൊരുങ്ങുന്നു...

പരിസ്ഥിതി പഠിതാക്കളുടെ ആത്മീയ ഗുരു ജോൺസി ജേക്കബ് വേർപിരിഞ്ഞിട്ട് രണ്ട് വർഷം പിന്നിടുന്നു. ആ വേർപാടുണ്ടാക്കിയ അഭാവങ്ങൾ ഓർത്തെടുക്കുന്നു ജോൺസി ശിഷ്യനും ഫോട്ടോഗ്രാഫറുമായ

**മധുരാജ്**

ജോൺസി മാഷ് ഒരോർമ്മയായിട്ട് രണ്ടു വർഷം പിന്നിടുകയാണ്. ഒരു തലമുറയിൽ പാരിസ്ഥിതികാവബോധത്തിന്റെ വിത്തിട്ട് കടന്നു പോയ മഹാനായിരുന്നു പ്രൊഫ. ജോൺസി ജേക്കബ്. ലോകത്തിന്റെ പല കോണുകളിൽ അദ്ദേഹം മനസ്സിൽ കൊളുത്തിയ വെളിച്ചത്തിൽ ജീവിക്കുന്ന ഒരു തലമുറയിലെ ഒരു ചെറു കണ്ണിയായിട്ടാണ് ഞാൻ എന്നെ സ്വയം വിലയിരുത്തുന്നത്.

സ്കൂളിൽ പഠിക്കുന്ന കാലത്താണ് മാഷെ ആദ്യമായി അറിയുന്നത്. നാലാം ക്ലാസിലോ അഞ്ചാംക്ലാസിലോ ആണ് അന്ന് ഞാൻ. എഴുപതുകളുടെ രണ്ടാം പാതിയാണ് കാലം. അടച്ചിട്ട സ്കൂൾ മുറിയുടെ ഇരുട്ടിൽ സജ്ജീകരിച്ച വെളുത്ത തിരശ്ശീലയിൽ പ്രകൃതിയിലെ വിസ്മയങ്ങൾ തെളിയുകയാണ്. കരയിൽ മുട്ടയിടാനായി ഇഴഞ്ഞുവരുന്ന ഒരു കടലാമ... ആഫ്രിക്കയിലെ ഏതോ പുൽപ്പരപ്പിൽ മരണം പിന്നിലുള്ളതറിയാതെ മേയുന്ന മാൻ... തിരശ്ശീലയിൽ വന്യമായ നിശ്ശബ്ദത... കറങ്ങുന്ന 16 എം.എം പ്രോജക്ടറിന്റെ കടകട ശബ്ദത്തെ ഭേദിച്ച് ഇരയുടെ മേലേക്ക് ചാടി വീഴുന്ന സംഹാരമൂർത്തി... ആകർഷകമായ ഇംഗ്ലീഷ് കമന്ററി ഞങ്ങൾക്കൊന്നും മനസ്സിലായില്ലെങ്കിലും ഭാഷയെ കീഴ്പ്പെടുത്തുന്ന വിസ്മയം കാഴ്ചകളാണ് തിരശ്ശീലയിൽ. മാസങ്ങൾ കൂടുമ്പോൾ വല്ലപ്പോഴും നടക്കുന്ന ഈ സിനിമാ പ്രദർശനങ്ങൾ കൊച്ചുകുട്ടികളായ ഞങ്ങൾക്ക് വിസ്മയകരമായ ഒരു ഉൽസവമായിരുന്നു. വലിയ ഒരു ഇരുമ്പുപെട്ടിയും (പ്രൊജക്ടുകൾ) അതിൽ നിറയെ ചലിക്കുന്ന ചിത്രങ്ങളും മറ്റ് ചില ഉപകരണങ്ങളും ഏതാനും ചെറുപ്പക്കാരുമായി സ്കൂളിൽ പ്രത്യക്ഷപ്പെടുന്ന തടിച്ച് ക്ലീൻഷേവ് ചെയ്ത കണ്ണടവെച്ച ഒരു മനുഷ്യന്റെ സാന്നിദ്ധ്യം അങ്ങിനെ ഞങ്ങളിൽ ഉൽസവം പകർന്നു. സിനിമാ പ്രദർശനം കഴിഞ്ഞാൽ അദ്ദേഹത്തിന്റെ ചെറു പ്രഭാഷണവും ഉണ്ടാകും. നമ്മുടെ ചുറ്റുപാടുകളെക്കുറിച്ച്, മരങ്ങളെക്കുറിച്ച്, മൃഗങ്ങളെയും പക്ഷികളേയും പറ്റി കുട്ടികളിൽ ഭാവനയും കൗതുകവും ഉണർത്തുന്ന ഭാഷയിൽ അദ്ദേഹം സംസാരിച്ചു തുടങ്ങും. മലയിൽ വീണ് കുത്തിയൊഴുകുന്ന മഴപോലെയാണ് ആ വാ

ക്കുകൾ. ഒഴുക്കിൽ വീണ ഇല പോലെ വിസ്മയങ്ങളുടെ അജ്ഞാതലോകത്തേക്ക് ഞങ്ങളൊഴുകിപ്പോകും. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള പാരസ്പര്യം. മറ്റെല്ലാ ജീവികളേപ്പോലെ മനുഷ്യന് പ്രകൃതിനിയമങ്ങൾക്ക് അതീതനല്ല. പ്രകൃതിയുടെ നാശം മനുഷ്യന്റെ നാശമാണ്. ഇതായിരുന്നു ആ സംഭാഷണത്തിന്റെ സാരം.

അക്കാലത്ത് പയ്യന്നൂർ കോളേജിൽ പഠിക്കുന്ന എന്റെ ജ്യേഷ്ഠസഹോദരനിൽ നിന്നാണ് അതേ കോളേജിൽ പഠിപ്പിക്കുന്ന പ്രകൃതിസ്നേഹിയായ ഒരദ്ധ്യാപകനെക്കുറിച്ച് പറഞ്ഞുകേട്ടത്. പക്ഷികളുടെ ശബ്ദം മാത്രം കേട്ടാൽമാത്രം മതി അദ്ദേഹം അവയെ തിരിച്ചറിയും! ചുറ്റുപാടുമുള്ള മരങ്ങളും ചെറു ജീവികളും ശലഭങ്ങളും എന്നുവേണ്ട സകല ചരാചരങ്ങളെയും അടുത്തറിയുംപോലും അദ്ദേഹം! പേര് ജോൺസി ജോക്കബ്. പേരിന്റെ ഗൗരവം പോലെ തന്നെ കർക്കശക്കാരൻ, മുൻകോപി, വിദ്യാർത്ഥികളെ അച്ചടക്കത്തിന്റെ മുൾമുനയിൽ നിർത്തുന്ന അദ്ധ്യാപകൻ. വളരെ കൗതുകത്തോടുകൂടിയായിരുന്നു ഞാൻ ആ അദ്ധ്യാപകനെക്കുറിച്ചുള്ള കഥകൾ കേൾക്കുന്നത്. പിന്നീടാണറിയുന്നത് ക്ലാസ്മുറിയിൽ ഞങ്ങൾക്ക് സിനിമാ കാട്ടിത്തരാറുള്ള അപരിചിതനായ ആ മനുഷ്യനാണ് ജ്യേഷ്ഠന്റെ കഥകളിൽ നിറയുന്ന പ്രൊഫസർ ജോൺസി ജേക്കബ്ബെന്ന്. പ്രീഡിഗ്രിക്ക സെക്കൻഡ് ഗ്രൂപ്പ് എടുത്ത ജ്യേഷ്ഠന്റെ ഡിപ്പാർട്ട്മെന്റ് ഹെഡ് കൂടിയായിരുന്നു അദ്ദേഹം. ഡിഗ്രിക്ക് ഇംഗ്ലീഷ് സാഹിത്യമെടുത്ത ജ്യേഷ്ഠൻ അന്ന് സജീവ എസ്.എഫ്.ഐ പ്രവർത്തകനായിരുന്നു. 'കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയും' 'മൂലധന'ത്തിന്റെ മൂന്നു വാല്യങ്ങളും കലക്കിക്കുടിച്ച തികഞ്ഞ മാർക്സിസ്റ്റ്. അക്കാലത്താണ് മാഷ് 'നിലനിൽപ്പിനുവേണ്ടി ഒരു മാനിഫെസ്റ്റോ' എന്ന ചെറു പുസ്തകം രചിക്കുന്നത്. 'പ്രകൃതിയിലേക്ക് മടങ്ങുക' എന്നത് അതിലെ ഒരു പ്രധാന ആശയമായിരുന്നു. 10,000 വർഷമായി പരിഷ്കൃത മനുഷ്യൻ പ്രകൃതിയിൽ നടത്തുന്ന കടന്നുകയറ്റം സർവ്വ നാശത്തിലേക്കുള്ള വഴിയാണെന്നുറപ്പിക്കുകയും പ്രകൃതിനിയമങ്ങൾക്കനുസരിച്ച് ജീവിക്കാൻ ആഹ്വാനം ചെയ്യുന്നതുമായിരുന്നു ഇത്. വൻ പദ്ധതികളിലൂന്നിയ മനുഷ്യ കേന്ദ്രീകൃതമായ ഒരു വികസനസംസ്കാരം സോഷ്യലിസ്റ്റ് മുതലാളിത്ത രാജ്യമന്യേ ഉണ്ടാക്കുന്ന വൻ ദുരന്തങ്ങളും സർവ്വസംഹാരങ്ങളും മാഷുടെ ചിന്താവിഷയമായിരുന്നു. ലോകത്ത് മുതലാളിത്തചേരിയും സോഷ്യലിസ്റ്റ് ചേരിയും ശക്തമായിരുന്നു അന്ന്. സാമ്പ്രദായിക മാർക്സിസ്റ്റ് ചട്ടക്കൂടിൽ നിന്ന് ചിന്തിക്കുന്നവർക്ക് യോജിച്ചുപോകാനാവാത്തതായിരുന്നു ജോൺസിയുടെ പുതിയ മാനിഫെസ്റ്റോയും 'വികസന വിരുദ്ധ' വാദവും. അതുകൊണ്ട് തന്നെ മാർക്സിസ്റ്റ്കാർക്ക് ജോൺസി ഒരു സി.ഐ.എ ചാരനായിരുന്നു. എസ്എഫ്.ഐക്കാരനായ ജ്യോഷ്ഠനും മാഷോട് വിയോജിക്കുക സ്വാഭാവികം. അക്കാലത്ത് മാഷുടെ നേതൃത്വത്തിലുള്ള നേച്ചർ ക്ലബുകളിൽ അംഗമായ ഞാനും ജ്യേഷ്ഠനും തമ്മിൽ ഈ വിഷയത്തെക്കുറിച്ച് ചില തർക്കങ്ങളും ഉണ്ടാകും. ഒരു ആനക്കും ഉറുമ്പിനും ഭൂമിയിലുള്ള അവകാശം മാത്രമേ മനുഷ്യനുമുള്ളു എന്നായിരുന്നു മാഷുടെ ദർശനം. എന്നാൽ പ്രകൃതി മനുഷ്യനു വേണ്ടി എന്നു വാദിക്കുന്നവർക്ക് ഉൾക്കൊള്ളാവുന്നതായിരുന്നില്ല ജോൺസി.

മേൽപ്പറഞ്ഞ പ്രകൃതി സിനിമാ പ്രദർശനങ്ങൾ, നേച്ചർ ക്ലബുകൾ, നേച്ചർക്യാമ്പുകൾ, സൂചീമുഖി, ആൻഖ്, പ്രസാദം തുടങ്ങിയ പ്രസിദ്ധീകരണങ്ങളിലൂടെ പുതിയ ഒരു കാഴ്ചപ്പാടുള്ള ഒരു തലമുറയുടെ വിത്തിടുകയായിരുന്നു മാഷ്. നവോത്ഥാന പ്രസ്ഥാനങ്ങളും, ദേശീയ പ്രസ്ഥാനങ്ങളും ഉഴുതിട്ട മണ്ണിൽ, കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളുടെ മുളപൊട്ടിയ സാമൂഹ്യ സാംസ്കാരിക പ്രസ്ഥാനങ്ങളോട് കണ്ണി ചേർന്ന് രൂപംകൊണ്ട ഹരിത ബോധത്തിന് ഒരു ആക്ഷൻ ഗ്രൂപ്പിന്റെ രൂപം നൽകിയത് ജോൺസിയായിരുന്നു. വേൾഡ് വൈൽഡ് ലൈഫ് ഫണ്ടിന്റെ പിൻതുണയോടെ കേരളമങ്ങോളമിങ്ങോളമുള്ള സ്കൂളുകളിലും കോളേജുകളിലും ജോൺസി ആരംഭിച്ച നേച്ചർ ക്ലബുകളിലെ കുട്ടികളും അദ്ധ്യാപകരുമായിരുന്നു കേരളത്തിലെ പാരിസ്ഥിതീകാവബോധത്തിലൂന്നിയ ചെറുത്തുനിൽപ്പിനെ ആദ്യമായി അടയാളപ്പെടുത്തിയ സൈലന്റെ വാലി പ്രക്ഷോഭങ്ങൾക്ക് തുടക്കം കുറിച്ച് പ്ലക്കാടുകളേന്തി തെരുവുകളിലിറങ്ങിയത്.

രോഗം തളർത്തിയ ശരീരവുമായി കഴിയവെ തളരാത്ത മനസ്സുമായി അവസാനം വരെ ഒറ്റയാനെപ്പോലെ നിന്ന മാഷ് ഇറക്കിയ 'പ്രസാദ'ത്തിന്റെ അവസാന പതിപ്പിൽ അദ്ദേഹം എഴുതി. "പ്രകൃതി ഈശ്വരനാണ് ഈശ്വരചൈതന്യമാണ് എന്ന് ഞാൻ ഉറച്ച് വിശ്വസിക്കുന്നു. എല്ലാം വിശുദ്ധമാണ്. ഇവിടെ മനുഷ്യന് പ്രത്യേക അവകാശങ്ങൾ ഇല്ല ഒരു ആനക്കുള്ള അവകാശം ഒരു ഉറുമ്പിനുമുണ്ട്. പ്രകൃതിയുടെ നിയമം എല്ലാറ്റിനും നിലനില്പ്പും സൗഭാഗ്യവും തന്നിരിക്കുന്നു. നിയമലംഘനം സർവ്വനാശത്തിലും എത്തിക്കും.

അങ്ങനെ കഴിഞ്ഞ അര നൂറ്റാണ്ടോളം വരുന്ന എന്റെ ജീവിതത്തിൽ ഞാൻ പഠിച്ചതും പഠിപ്പിച്ചതും ഈ സത്യം മാത്രമായിരുന്നു. ഇതിൽ ഞാൻ മാത്രമല്ല ഉള്ളത് എന്ന് എനിക്കറിയാം. ഒരുപാട് പേർ എന്നെ സ്വാധീനിച്ചിട്ടുണ്ട്. ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും അവരുടെ മിന്നാമിനുങ്ങ് പ്രകാശം ഞാൻ കാണുന്നു. ഇവിടെ എന്റെ കുട്ടികളായിരുന്നു എന്റെ കൂടെ. അവരാണ് എനിക്ക കിട്ടിയ ഏറ്റവും വലിയ അവാർഡ്. വിത്തുകൾ വിതറിയിരിക്കുന്നു. അത് വിതയ്ക്കുന്നവന്റെ കാര്യം. മഴയും വെയിലും ആകാശം തരും. പോഷകങ്ങൾ മണ്ണിലുണ്ട്. വിത്തുകൾ വളരും കുറെ നശിക്കും. വളരുന്നവ പൂവിടും. കായുണ്ടാകും. അവ വിത്തുകളായി മുളച്ചുവരും. ഞാൻ വിത്തിട്ട് പോകാനൊരുങ്ങുന്നു. വിത്തുകൾ തുടർന്നും വിതക്കേണ്ടത് എന്റെ പ്രിയപ്പെട്ടവരായ നിങ്ങളുടെ ചുമതലയാണ്. ആരും രക്ഷകനെ പ്രതീക്ഷിക്കേണ്ട. നിങ്ങൾ തന്നെയാണ് നിങ്ങളുടെ രക്ഷകൻ... നമ്മുടെ ഇക്കോ-സ്പിരിചാലിറ്റി സന്ദേശം മറ്റുള്ളവരുമായി പങ്കുവെക്കുക. സമയം തീരുന്നു... നല്ലതുവരട്ടെ."

*ചീഫ് ഫോട്ടോഗ്രാഫർ, മാതൃഭൂമി,*
*കോഴിക്കോട്*